## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 05.02.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്.

നമ്പർ . 4938

**ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് മിനിമം പെൻഷൻ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സി. കൃഷ്ണൻ | | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | അംഗൻവാടി വർക്കർമാർക്ക് അനുവദിക്കപ്പെട്ട ക്വാട്ടയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ മാരായി വിരമിച്ച എത്ര പേർക്ക് മിനിമം പെൻഷന് യോഗ്യമായ സർവ്വീസ് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (ബി) | 28.10.2005 മുതൽ മാത്രമാണ് അങ്കണവാടി വർക്കർ ക്വാട്ടയിൽ സൂപ്പർവൈസർമാരെ നിയമിച്ച് തുടങ്ങിയിട്ടുള്ളത്. അങ്കണവാടി വർക്കർമാർക്ക് അനുവദിക്കപ്പെട്ട ക്വാട്ടയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായി ഇതുവരെ വിരമിച്ചവരിൽ ആർക്കും തന്നെ മിനിമം പെൻഷന് യോഗ്യമായ സർവ്വീസ് ലഭിച്ചിട്ടില്ല. |
| (ബി) | മിനിമം പെൻഷൻ ലഭിക്കാൻ സർവ്വീസ് ഇല്ലാത്തവർക്ക് മിനിമം പെൻഷൻ ലഭിക്കുന്നതിനുവേണ്ടി അവരുടെ അംഗൻവാടി സർവ്വീസ് കാലയളവ് കൂടി കണക്കിലെടു ക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) | അംഗൻവാടി ജീവനക്കാർ ഹോണറേറിയം വ്യവസ്ഥയിൽ ജോലി നോക്കുന്നവരാണ്. ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ല. ഇക്കാരണ ത്താൽ സൂപ്പർവൈസറായി നിയമനം ലഭിക്കുന്നവർക്ക് ടി ക്വാട്ടയിൽ നിന്നും അവരുടെ അംഗൻവാടി സർവ്വീസ് കാലയളവ് കൂടി മിനിമം പെൻഷന് പരിഗണിക്കുന്നതിനുള്ള ചട്ടങ്ങൾ നിലവിലില്ല. ആയതി നാൽ അംഗൻവാടി സർവ്വീസ് മിനിമം പെൻഷൻ ലഭിക്കാൻ കണക്കാക്കണമെന്ന നിർദ്ദേശം പരിഗണിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ആഫീസർ.